തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Dr. Divya S Iyer IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–-വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി റംല.സി.എ യുടെ സീനിയോറിറ്റി പുനക്രമീകരിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ .<LSGD/PD/22726/2026-GEA3>തീയതി:12-09-2026

പരാമർശം:

1) ഇടുക്കി ജില്ലാ ജോയിൻറ് ഡയറക്ടറുടെ 07/07/2026 ലെ LSGD/JD/IDK/2492/2026-A1 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടർ 15/07/2021 തീയതിയിൽ പ്രസിദ്ധീകരിച്ച 01/01/2019 മുതൽ 30/09/2020 വരെ സേവനത്തിൽ പ്രവേശിച്ച ക്ലർക്കുമാരുടെ PAN/12876/2020-E6(DP) നമ്പർ സീനിയോറിറ്റി ലിസ്റ്റ്.
3) പ്രിൻസിപ്പൽ ഡയറക്ടറുടെ 05/08/2026 തീയതിയിലെ LSGD/PD/22726/2026-GEA3 നമ്പർ നോട്ടീസ്.

ഉത്തരവ്

ഇടുക്കി ജില്ലയിൽ വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി റംല.സി.എ 25.01.2016 തീയതിയിൽ പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും തുടർന്ന് ഇടുക്കി ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ച് 01.01.2019 തീയതിയിൽ ഇടവെട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇടുക്കി ജില്ലയിലേയോ പത്തനംതിട്ട ജില്ലയിലേയോ ജില്ലാ തല സീനിയോറിറ്റി ലിസ്റ്റിൽ ടിയാൻ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാളെ 15.07.2021 തീയതിയിൽ പ്രസിദ്ധീകരിച്ച പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ 01.01.2019 തീയതിയിൽ ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിച്ചതായി കണക്കാക്കി ക്രമ നമ്പർ 1 ആയും ടി ലിസ്റ്റിൽ ഒന്നാം സ്ഥാനത്തുള്ള ശ്രീമതി ആതിര.ജി യെ ക്രമ നമ്പർ 2 ആയിട്ടുള്ള ശ്രീമതി സൂര്യ റാണി സണ്ണി എന്നയാൾക്ക് മുകളിലായി 1A ആയി താത്ക്കാലികമായി ഉൾപ്പെടുത്തിയും പരാമർശം (3) പ്രകാരം കരട് നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ടി കരട് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി റംല.സി.എ യെ 01.01.2019 തീയതിയിൽ ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിച്ചതായി കണക്കാക്കി ക്രമ നമ്പർ 1 ആയും ടി ലിസ്റ്റിൽ ഒന്നാം സ്ഥാനത്തുള്ള ശ്രീമതി ആതിര.ജി യെ ക്രമ നമ്പർ 2 ആയിട്ടുള്ള ശ്രീമതി സൂര്യ റാണി സണ്ണി എന്നയാൾക്ക് മുകളിലായി 1A ആയി ഉൾപ്പെടുത്തിയും ക്ലാർക്ക് തസ്തികയിലെ പ്രസ്തുത സീനിയോറിറ്റി പട്ടിക പുനർ ക്രമീകരിച്ച് ഉത്തരവാകുന്നു.

Dr. Divya S Iyer IAS
PRINCIPAL DIRECTOR

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീമതി റംല.സി.എ (ഇടുക്കി ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ IE സെക്ഷൻ
4. സിസ്റ്റം സൂപ്പർവൈസർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Dr. Divya S Iyer IAS

Digitally signed by
DIVYA S IYER
Date: 12-09-2026
14:46:12